# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4856 26.06.2019 -ലെ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ വിദ്യാർത്ഥികൾ അന്യസംസ്ഥാന സർവ്വകലാശാലകളിൽ ചേരുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷകളുടെ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും ഗുരുതരമായ കാലതാമസം ഉണ്ടാകാറുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അസാധാരണമായ കാലതാമസം ഉണ്ടാകാറില്ല. നിർദ്ദിഷ്ട സമയത്തിനുള്ളിൽ പരീക്ഷകൾ നടത്തിയും കൃത്യ സമയത്ത് ഉത്തര കടലാസുകൾ മൂല്യനിർണയത്തിന് സജ്ജമാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും കേന്ദ്രീകൃത മൂല്യനിർണയ രീതി അവലംബിച്ചും കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിൽ നിന്നെത്തുന്ന മാർക്കുകൾ നിശ്ചിത സമയത്ത് രേഖപ്പെടുത്തി ഫലം പ്രഖ്യാപിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും പരീക്ഷാ ഫലങ്ങൾ കാലവിളംബമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ വിവിധ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കോഴ്സുകളുടെ നടത്തിപ്പിലുണ്ടാകുന്ന ഈ അലംഭാവം കാരണം വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിൽ ചേരേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി)<br>(സി)<br>&<br>(ഡി) | സംസ്ഥാനത്തെ സർവകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടു |
| (സി) | വിദ്യാർത്ഥികളിൽ വലിയൊരു ശതമാനം ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കായി അന്യസംസ്ഥാനങ്ങ | | |

| | | | |
|---|---|---|---|
| | ളിലെ സർവ്വകലാശാലകളിലേയ്ക്ക് മാറുന്ന സ്ഥിതിവിശേഷം പ്രത്യേകമായി പരിശോധിയ്ക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | ക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നു ണ്ട്. വിദ്യാർത്ഥികൾ അന്യസംസ്ഥാന സർവ്വകലാശാലകളിലേക്ക് മാറുന്നതു സംബന്ധിച്ച് പ്രത്യേകമായി പരിശോധന നടന്നിട്ടില്ല. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാത മായിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥിതിവിശേഷം പഠിയ്ക്കുന്നതിനും ഇത്തരം വിദ്യാർത്ഥികളെ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.